ഭരണഭാഷ...മാതൃഭാഷ

**ജി.4.1916/17** വിവരാവകാശം/മറുപടി

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,തിരുവനന്തപുരം
തീയതി;28.02.2018

അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ശ്രീ.കെ.ജി.ശശിധരൻ
കളപ്പുരയ്ക്കൽ വീട്,മുഞ്ഞനാട്
പടിയൂർ.പി.ഒ.,ഇരിങ്ങാലക്കുട
പിൻ-680688

വിഷയം :- സാമൂഹ്യനീതി വകുപ്പ്-വിവരാവകാശം- മറുപടി നല്കുന്നത് സംബന്ധിച്ച്

സൂചന :- താങ്കളുടെ 3.2.2018 ലെ വിവരാവകാശ അപേക്ഷ

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിയ്ക്കുന്നു.സർക്കാർ ആഫീസുകളിൽ മുതിർന്ന പൗരന്മാരെ ക്യൂ നിർത്തരുതെന്ന സർക്കാർ ഉത്തരവോ സർക്കുലറോ ഉണ്ടെങ്കിൽ ലഭ്യമാക്കാൻ സൂചന കത്തു പ്രകാരം താങ്കൾ അപേക്ഷിച്ചിരുന്നു.ആയതു പ്രകാരം കേരളാ ഗവൺമെന്റ് ഈ വിഷയത്തിൽ പുറത്തിറക്കിയിട്ടുള്ള സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

മേൽ മറുപടിയിൽ താങ്കൾക്ക് എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം 30 ദിവസത്തിനകം ഒന്നാം അപ്പീൽ അധികാരിയ്ക്ക് പരാതി നല്കാവുന്നതാണ്

ഒന്നാം അപ്പീൽ അധികാരിയുടെ മേൽവിലാസം
ശ്രീ.കെ.കെ.സുരേന്ദ്രകുമാർ
അഡീഷണൽ ഡയറക്ടർ
അഞ്ചാം നില, വികാസ്ഭവൻ
തിരുവനന്തപുരം-695 033

വിശ്വസ്തതയോടെ

**അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**

Aml.
**P. STEEPHEN**
Senior Superintendent
Directorate of Social Justice
Vikas Bhavan, Thiruvananthapuram

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(എ ആർ 13) വകുപ്പ്

നമ്പർ. 353/എആർ13(2)/2017/ഉ.പ.ഭ.വ

തിരുവനന്തപുരം,തീയതി: 27/11/2017

സർക്കുലർ

വിഷയം: സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ മുൻഗണന നല്കുന്നത് -നിർദ്ദേശം സംബന്ധിച്ച്.

സൂചന: 24/6/2015 ലെ 7995/എ.ആർ 13(2)/15/ ഉ.പ.ഭ.വ നമ്പർ സർക്കുലർ

സൂചന സർക്കുലർ പ്രകാരം സർക്കാർ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്ക് വരുന്ന പൊതുജനങ്ങൾക്ക് മാന്യമായ പരിഗണയും പെരുമാറ്റവും ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ പ്രായാധിക്യം മൂലം അവശത അനുഭവിക്കുന്ന മുതിർന്ന പൗരന്മാർക്ക് സർക്കാർ ഓഫീസുകളിൽ സാധാരണക്കാർക്കൊപ്പം തന്നെ വിവിധ ആവശ്യങ്ങക്ക ക്യൂവിൽ നിൽക്കേണ്ടിവരുന്നുവെന്നും , വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുകയുണ്ടായി. ആയതിനാൽ സർക്കാരാഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന ശാരീരികാവശതയുള്ള മുതിർന്ന പൗരന്മാർക്ക് പ്രത്യേക പരിഗണന ഉറപ്പുവരുത്താനാവശ്യമായ നടപടികൾ അതാതു വകുപ്പുമേധാവികൾ / ഓഫീസ് തലവന്മാർ കൈക്കൊള്ളേണ്ടതും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്.

**BISHWANATH SINHA IAS, PRL-SECY(P&ARD),**
**O/o Principal Secreatry (P&ARD)**
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും / പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും /എല്ലാ സെക്രട്ടറിമാർക്കും

സെക്രട്ടറിയേറ്റിലെ നിയമം , ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും

മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

എല്ലാ വകുപ്പ് മേധാവികൾക്കും /എല്ലാ ജില്ലാ കളക്ടർമാർക്കും /എല്ലാ ഓഫീസ് തലവന്മാർക്കും

പബ്ലിക് റിലേഷൻസ് ഡയറക്ടർ , തിരുവനന്തപുരം (അച്ചടി ,ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന് )

കരുതൽ ഫയൽ / ഓഫീസ് കോപ്പി